പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 21 | 27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) രൂപീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന സമരങ്ങൾ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കുമോ; | (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി 13.01.2017 ൽ മുഖ്യമന്ത്രിയും 15.02.2017 ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റിലെ സംഘടനാ പ്രതിനിധി കളുമായി ചർച്ചകൾ നടത്തിയിരുന്നു. |
| (ബി) ഇന്ത്യയിലെ മറ്റൊരു സംസ്ഥാനവും സെക്രട്ടേറിയറ്റിനെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണംമൂലം ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമായി വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്ന തിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതിന്റെയും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണരംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേയ്ക്ക് കടന്നു വരേണ്ടത് അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം, കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം |

ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

പദ്ധതി നിർവ്വഹണതലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

സെക്ഷൻ ഓഫീസർ